# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 159 09.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## അമിതപലിശ ഈടാക്കൽ നിരോധന നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ അമിത പലിശ ഈടാക്കൽ നിരോധന നിയമപ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ; | (എ) 1518 കേസ്സുകൾ |
| (ബി) പ്രസ്തുത കേസിൽ ഉൾപ്പെട്ടവരുടേയും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെയും എണ്ണം വ്യക്തമാക്കാമോ; | (ബി) പ്രസ്തുത കേസിൽ 1656 പേർ ഉൾപ്പെട്ടിട്ടുണ്ട്. 586 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. |
| (സി) ഈ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എത്ര ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളും പണമിടപാടുകാരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) ഈ കാലയളവിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന 66 ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളും, 1802 പണമിടപാടുകാരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ഇവരിൽ നിന്ന് പിടികൂടിയ പണവും രേഖകളും ചെക്കുകളും മറ്റ് വസ്തുക്കളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) ഇവരിൽ നിന്ന് 56826873/- (അഞ്ച് കോടി അറുപത്തിയെട്ട് ലക്ഷത്തി ഇരുപത്തിആറായിരത്തി എണ്ണൂറ്റി എഴുപത്തി മൂന്ന് രൂപ) രൂപയും 21987 (ഇരുപത്തിഒന്നായിരത്തി തൊള്ളായിരത്തി എൺപത്തി ഏഴ്) രേഖകളും ചെക്കുകളും 1703 മറ്റ് വസ്തുക്കളും (Vehicles, diary, passbook, revenue stamp etc) പിടിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ